# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 31** 28.11. 2018 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിലെ സി.എ നിയമനം പി.എസ്.സി. വഴിയാക്കാൻ നടപടി

*ചോദ്യം*
ശ്രീമതി.പി. അയിഷാ പോറ്റി

*ഉത്തരം*
**പിണറായി വിജയൻ**
**(മുഖ്യ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് വിജ്ഞാപനം ആയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) (ബി) & (സി) | 2015 ഡിസംബർ 21 ലെ നം. 24904/ലെഗ്.ജി2/2015/നിയമം വിജ്ഞാപന പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി വഴിയാക്കിയിട്ടുണ്ട്. അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കി വരുന്നു. ആയത് പൂർത്തിയായതിനുശേഷം മാത്രമേ പി.എസ്.സി മുഖേനയുള്ള നിയമന നടപടികൾ ആരംഭിക്കാനാകൂ. |
| (ബി) | അനദ്ധ്യാപക വിഭാഗങ്ങളിൽപ്പെട്ട സ്റ്റെനോഗ്രാഫർ /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിലെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത തസ്തികയിലെ നിയമനങ്ങൾ കൂടി പി.എസ്.സി. വഴി ആക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | | |

**സെക്ഷൻ ഓഫീസർ**